Uncorrected/Not for Publication
04.08.2021

**അറിയിപ്പ്**

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട ഒരു കാര്യം ചെയറിന് ബഹുമാനപ്പെട്ട അംഗങ്ങളുടെയും പത്രമാധ്യമ പ്രവർത്തകരുടെയും ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇന്നലെ (03.08.2021) ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിരുന്നവരുടെ പേരുവിവരം സഭയിൽ പരാമർശിക്കുന്ന വേളയിൽ ബഹുമാനപ്പെട്ട ഒരു അംഗത്തിന്റെ പേര് വിട്ടുപോയിരുന്നു. അത് മന:പൂർവ്വമായിരുന്നില്ലെന്നും നോട്ടീസിന്റെ അവസാനമായി ചേർത്തിരുന്ന പേര് ഫോട്ടോകോപ്പിയെടുത്ത വേളയിൽ വിട്ടുപോയതുമൂലമാണ് അത് സംഭവിച്ചതെന്നും അപ്പോൾത്തന്നെ സഭയിൽ അറിയിക്കുകയും വിട്ടുപോയ പേരുകൂടി ഉൾപ്പെടുത്തി പരാമർശം തിരുത്തുകയും ചെയ്തിരുന്നതാണ്. എന്നാൽ, ഇന്നത്തെ ചില പത്രങ്ങളിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ പേര് ചെയർ മന:പൂർവ്വം ഒഴിവാക്കിയെന്ന തരത്തിൽ വാർത്തകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം നടപടികൾ അങ്ങേയറ്റം നിർഭാഗ്യകരമാണ്. സഭാ നടപടികൾ റിപ്പോർട്ട് ചെയ്യുമ്പോൾ അത് വസ്തുതാപരമായിരിക്കണമെന്ന കാര്യത്തിൽ മാധ്യമപ്രവർത്തകർ കൂടുതൽ ഉത്തരവാദിത്വവും ജാഗ്രതയും പുലർത്തണമെന്ന് ചെയർ ഓർമ്മിപ്പിക്കുകയാണ്.